**കേരള സർക്കാർ**

നം. 17312/എഫ്എം2/2013/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 21.03.2013.

## സർക്കുലർ

വിഷയം:- കേരള സംസ്ഥാന യുവജനക്ഷേമബോർഡ് കേരളോത്സവം 2012- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- കേരള സംസ്ഥാന യുവജനക്ഷേമബോർഡ് മെമ്പർ സെക്രട്ടറിയുടെ 01.02.2013-ലെ പി1-3474/12/വൈ.ഡബ്ല്യു.ബി. നമ്പർ കത്ത്.

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കേരളോത്സവം എന്ന പരിപാടിയുടെ നടത്തിപ്പിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ടല്ലോ. എന്നാൽ ചില ഗ്രാമ പഞ്ചായത്തുകൾ കേരളോത്സവം കൃത്യമായി നടത്തുന്നില്ലെന്നും ചില പഞ്ചായത്തുകൾ പരിപാടി നടത്തിയാലും കൃത്യമായി കണക്കുകളും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നൽകുന്നില്ലെന്നും ഇങ്ങനെ സംസ്ഥാന യുവജനക്ഷേമബോർഡിന്റെ ഫണ്ട് വാങ്ങിയ ശേഷം പരിപാടി നടത്താതിരിക്കുകയും തുക തിരിച്ചടക്കാതെയിരിക്കുകയും അല്ലെങ്കിൽ ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാതെയിരിക്കുകയും ചെയ്യുന്നതിനാൽ ബോർഡിന് ബാധ്യതയായി തീരുകയും ചെയ്യുന്നതായി ബോർഡ് സർക്കാരിനെ അറിയിച്ചിരിക്കുന്നു.

ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 31.03.2013 വരെ കേരളോത്സവയിനത്തിൽ ബോർഡിൽ നിന്നുമുൾപ്പെടെ ലഭിച്ച ധനത്തിന്റെ വരവ് ചെലവ് കണക്കുകൾ (അതാത് കൗൺസിൽ / കമ്മിറ്റി അംഗീകരിച്ചത്) ബോർഡിൽ നിന്നു ലഭിച്ച തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം ഏപ്രിൽ 15 നകം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 3 ന് നൽകിയിരിക്കേണ്ടതാണെന്നും ഇതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ടവരുടെ സാമ്പത്തിക ബാധ്യതയായിത്തീരുന്നതാണെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കുന്നു.

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, ടി.സി. 9/479, ജെ1, കവടിയാർ പി.ഒ, തിരുവനന്തചപുരം - 695503.
യുവജനകാര്യ വകുപ്പ് (425/ബി1/13/എസ്.വൈ.എ തീയതി: 13.03.2013.)
ഇൻഫർമേഷൻ കേരളമിഷൻ (ത.സ്വ.ഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)